**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 543** **02-02-2023 - ൽ മറുപടിയ്ക്ക്**

**കെ- റെയിലിനായി ചെലവാക്കിയ തുക**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി കെ. കെ. രമ | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | കെ- റെയിൽ പദ്ധതിയുടെ ആരംഭഘട്ടം മുതൽ നാളിതുവരെ സർക്കാർ ഖജനാവിൽ നിന്നും ചെലവാക്കുന്നതിന് അനുമതി നൽകിയിട്ടുള്ള ആകെ തുക എത്രയാണെന്നും, ഏതൊക്കെ വകുപ്പുകൾക്ക് ഏതൊക്കെ ഇനങ്ങളിലായാണ് തുക നൽകിയിട്ടുള്ളതെന്നും വ്യക്തമാക്കാമോ; | (എ) | ഇന്ത്യൻ റെയിൽവേയും കേരള സർക്കാരും ഒപ്പ് വച്ച് കെ.ആർ.ഡി.സി. എൽ ന്റെ സംയുക്ത സംരംഭ കരാർ പ്രകാരമുള്ള ഓഹരി തുകയിൽ നിന്നു മാണ് സിൽവർലൈൻ പദ്ധതിയുടെ പ്രാരംഭ പ്രവർത്തനങ്ങൾക്കായി തുക കണ്ടെത്തിയിട്ടുള്ളത്. സിൽവർ ലൈൻ പദ്ധതിയുടെ ഭൂമി ഏറ്റെടുക്കൽ പ്രവ ത്തനങ്ങൾക്കായി മാത്രമാണ് സർക്കാർ ഖജനാവിൽ നിന്നും **20 കോടി 50 ലക്ഷം രൂപ** കെ.ആർ.ഡി.സി.എൽ നു ലഭിച്ചിട്ടുള്ളത്. ടി തുകയിൽ ഭൂമി ഏറ്റെടുക്കൽ പ്രവൃത്തനങ്ങൾക്കായി രൂപീകരിച്ചിരുന്ന 11 എൽ എ ഓഫീസുകളി ലേക്ക് കമ്പ്യൂട്ടർ, ഫർണ്ണിച്ചർ & ആക്സസറീസ് വാങ്ങി ബാക്കി തുകയായ 19 കോടി 50 ലക്ഷം രൂപ മേൽ പ്രവൃത്തനങ്ങൾക്കായി റവന്യൂ വകുപ്പിന് നൽകിയിട്ടുണ്ട്. |
| (ബി) | പ്രസ്തുത തുകയിൽ ഓരോ വകുപ്പും നാളിതുവരെ ചെലവാക്കിയിട്ടുള്ള തുകയും, വകുപ്പുകളുടെ കൈവശം ബാക്കിയായുള്ള തുകയും എത്ര വീതമാണെന്ന് അറിയിക്കുമോ; | (ബി) | ഇന്ത്യൻ റെയിൽവേയും കേരള സർക്കാരും ഒപ്പ് വച്ച് കെ.ആർ.ഡി.സി. എൽ ന്റെ സംയുക്ത സംരംഭ കരാർ പ്രകാരമുള്ള ഓഹരി തുകയിൽ നിന്നു മാണ് സിൽവർലൈൻ പദ്ധതിയുടെ പ്രാരംഭ പ്രവർത്തനങ്ങൾക്കായി തുക കണ്ടെത്തിയിട്ടുള്ളത്. സിൽവർ ലൈൻ പദ്ധതിയുടെ ഭൂമി ഏറ്റെടുക്കൽ പ്രവ ത്തനങ്ങൾക്കായി മാത്രമാണ് സർക്കാർ ഖജനാവിൽ നിന്നും **20 കോടി 50 ലക്ഷം രൂപ** കെ.ആർ.ഡി.സി.എൽ നു ലഭിച്ചിട്ടുള്ളത്. ടി തുകയിൽ ഭൂമി ഏറ്റെടുക്കൽ പ്രവൃത്തനങ്ങൾക്കായി രൂപീകരിച്ചിരുന്ന 11 എൽ എ ഓഫീസുകളി ലേക്ക് കമ്പ്യൂട്ടർ, ഫർണ്ണിച്ചർ & ആക്സസറീസ് വാങ്ങി ബാക്കി തുകയായ 19 കോടി 50 ലക്ഷം രൂപ മേൽ പ്രവൃത്തനങ്ങൾക്കായി റവന്യൂ വകുപ്പിന് നൽകിയിട്ടുണ്ട്. |
| (സി) | പദ്ധതിയുമായി ബന്ധപ്പെട്ട് നിലവിൽ തുടർന്നുപോകുന്ന ആവർത്തന ചെലവുകൾ | (സി) | നിലവിൽ കെ.ആർ.ഡി.സി.എൽ ഏറ്റെടുത്തു നടത്തുന്ന മറ്റു പദ്ധതികളായ തലശ്ശേരി - മൈസൂർ, |

| | | | |
|---|---|---|---|
| | എന്തൊക്കെയാണെന്ന് അറിയിക്കുമോ; ഓരോ ഇനത്തിലെയും പ്രതിമാസ ചെലവ് എത്ര വീതമാണെന്നതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ? | | നിലമ്പൂർ - നഞ്ചൻകോട് റെയിൽ പദ്ധതി, അങ്കമാലി - എരുമേലി - ശബരി ഡി.പി.ആർ പഠനം, എസ്റ്റിമേറ്റ് പുതുക്കൽ, മറ്റു വിവിധ പദ്ധതികൾക്കായുള്ള പി.എം.സി. വർക്ക്സ് എന്നിവയുടെ ഏകോപന പ്രവൃത്തനങ്ങൾക്കും, ശമ്പളവും മറ്റിനത്തിലുമായി കഴിഞ്ഞ ഒരു വർഷത്തെ കണക്കുകളുടെ അടിസ്ഥാനത്തിൽ ഏതാണ്ട് 55 ലക്ഷം രൂപ വീതമാണ് പ്രതി മാസച്ചെലവ് വരുന്നത്. |

സെക്ഷൻ ഓഫീസർ